## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *396 25-06-2019 -ൽ മറുപടിക്ക്

## പ്രളയ പുനരധിവാസം സംബന്ധിച്ച പരാതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. കെ.എസ്.ശബരീനാഥൻ**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**<br>**ശ്രീ. അനൂപ് ജേക്കബ്** | | **ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | സംസ്ഥാനത്ത് പ്രളയം ഉണ്ടായി പത്തു മാസം പിന്നിട്ടിട്ടും പുനരധിവാസം സംബന്ധിച്ച ജനങ്ങളുടെ പരാതികൾ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണോ എന്ന് വ്യക്തമാക്കാമോ; | എ) | പരാതികൾ പരിഹരിക്കുവാൻ വ്യക്തമായ നടപടിക്രമങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അത് പ്രകാരം പരാതികൾ പരിഹരിച്ചു വരുന്നു. 2,53873 വീട്ടുകൾ ഭാഗീകമായി തകർന്നു എന്നാണ് കണക്കുകൾ. ഇവയിൽ 2,22,677 കുടുംബങ്ങൾക്ക് പണം നല്കി കഴിഞ്ഞു. പൂർണ്ണമായും തകർന്ന 15394 വീട്ടുകളിൽ 9933 പേർ സ്വയം വീട് നിർമ്മിക്കുന്നവർ ആണ്. ഇവരിൽ 9737 പേർക്ക് ആദ്യ ഗഡു പണം നല്കി. 6756 കുടുംബങ്ങൾക്ക് രണ്ടാം ഗഡുവും, 4544 കുടുംബങ്ങൾക്ക് മൂന്നാം ഗഡു തുകയും നല്കി. 2995 വീട്ടുകൾ പൂർത്തിയായി. 1990 വീട്ടുകൾ Care Home പദ്ധതിയിൽ ആണ് നിർമ്മിക്കുന്നത്. ഇവയിൽ 1925 വ്യക്തികൾക്ക് ആദ്യഗഡു നല്കി. 1399 വീട്ടുകൾ പണി പൂർത്തിയായി. 507 വീട്ടുകൾ നിന്ന സ്ഥലം വാസയോഗ്യം അല്ല. ഇവയിൽ 416 കുടുംബങ്ങൾക്കുള്ള സ്ഥലം കണ്ടെത്തി നല്കി. 1259 വീട്ടുകൾ പുറമ്പോക്കിൽ |

| | | | |
|---|---|---|---|
| | | | ആയിരുന്നു. ഇവരിൽ 744 കുടുംബങ്ങൾക്കും സർക്കാർ ഭൂമി കണ്ടെത്തി നല്കി. 1235 വീടുകൾ പ്രാദേശിക സ്പോൺസർഷിപ്പിലൂടെ ആണ് നിർമ്മിക്കുന്നത്. ഇവരിൽ 1075 വീടുകളുടെ പണി ആരംഭിച്ചു. 1,02,479 അപ്പീൽ ഭാഗികമായി തകർന്ന വീടുകൾ സംബന്ധിച്ച് ലഭിച്ചു. 1,01,878 എണ്ണം പരിഗണിച്ച് തീർപ്പാക്കി കഴിഞ്ഞു. തർക്കമുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സി.ഇ.ഓ യെയും (Deputy Collector, Disaster Management/ADM as the case may be), സി.ഇ.ഓയുടെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടറെയും സമീപിക്കാവുന്ന രീതിയിൽ പരാതി പരിഹാര സംവിധാനം ഒരുക്കിയിരുന്നു. |
| ബി) | സംസ്ഥാന സർക്കാർ റീബിൽഡ് ആപ്പ് വഴി നടത്തിയ കണക്കെടുപ്പിനെതിരെ ഉയർന്ന പരാതികൾ പരിഹരിക്കാൻ സാധിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. ഈ കണക്കെടുപ്പിന് മേൽ പരിശോധന നടത്തിയും, പരാതികൾ സ്വീകരിച്ചും പരിഹരിച്ചു. 1,02,479 അപ്പീൽ ഭാഗീകമായി തകർന്ന വീടുകൾ സംബന്ധിച്ച് ലഭിച്ചു. 1,01,878 എണ്ണം പരിഗണിച്ച് തീർപ്പാക്കി കഴിഞ്ഞു. |
| സി) | യാതൊരു കൂടിയാലോചനകളും കൂടാതെ റീബിൽഡ് ആപ്പ് വഴി കോളേജ് കുട്ടികളെ ഉപയോഗിച്ച് പ്രളയബാധിതരുടെ കണക്കെടുപ്പ് നടത്തിയത് പുനരധിവാസ പ്രവർത്തനങ്ങൾ പരാജയപ്പെടാൻ കാരണമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ; | സി) | ഇല്ല. നിലവിലെ കണക്കുകൾ സൂചിപ്പിക്കുന്നത് ഈ പ്രവൃത്തി വിജയിച്ച് എന്നു തന്നെ ആണ്. പുതിയ സാങ്കേതിക വിദ്യ ആയതിനാൽ ചില പരിമിതികൾ ഉണ്ടായിട്ടുണ്ട്. അവ പരിശോധിച്ച് പരിഹരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹായത്തോടെ പ്രളയബാധിതരുടെ കണക്കെടുപ്പ് നടത്തിയിരുന്നെങ്കിൽ പുനരധിവാസ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കുമായിരുന്നില്ലേ എന്ന് വ്യക്തമാക്കുമോ? | ഡി) | തദ്ദേശ സ്ഥാപനങ്ങളെ തന്നെ ആണ് കണക്കെടുപ്പിന്റെ ചുമതല ഏൽപ്പിച്ചത്. Rebuild App ലെ എല്ലാ വിവരങ്ങളുടെയും ഉത്തരവാദിത്തം അതതു പ്രദേശത്തെ തദ്ദേശ വകുപ്പ് എൻജിനിയർമാരെ ആണ് ഏല്പിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി അംഗീകരിച്ച ശേഷം ആണ് നാശനഷ്ടത്തിന്റെ തോത് Database ൽ ചേർത്തത്. കൂടാതെ, ഇക്കാര്യത്തിൽ പരാതി ഉള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സി.ഇ.ഓ യെയും (Deputy Collector, Disaster Management/ADM as the case may be), സി.ഇ.ഓയുടെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ കളക്ടറെയും സമീപിക്കാവുന്ന തരത്തിൽ പരാതി പരിഹാര സംവിധാനം രൂപീകരിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ